പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. 2787

19.06.2014 ൽ മറുപടിക്ക്

# നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.കെ.വി.വിജയദാസ് :<br>പ്രൊഫ.സി.രവീന്ദ്രനാഥ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ നിർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) നിലവിൽ പരിഗണനയിലില്ല. |
| (ബി) നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷവും 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ആർ.ഡി.ഒ.മാർ വയൽ നികത്താൻ അനുമതി നൽകിവരുന്നുണ്ടോ ; ഏതെല്ലാം ആർ.ഡി.ഒ.മാർ എത്ര കേസുകളിൽ അനുമതി നൽകിയിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ ; | (ബി) ആലപ്പുഴ ജില്ലയിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം ചെങ്ങന്നൂർ റവന്യൂ ഡിവിഷനിൽ ഒരു കേസിൽ 4 ആർ വസ്തു നികത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.<br>എറണാകുളം ജില്ലയിൽ വയൽ നികത്തുന്നതിന് എട്ട് കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ അനുമതി നൽകിയിട്ടുണ്ട്.<br>തൃശ്ശൂർ ജില്ലയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 109 കേസുകളിൽ തൃശ്ശൂർ ആർ.ഡി.ഒ.കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>പാലക്കാട് ജില്ലയിൽ പാലക്കാട് റവന്യൂ ഡിവിഷനു കീഴിൽ ഒരു കേസിനും ഒറ്റപ്പാലം റവന്യൂ ഡിവിഷനിൽ 5 കേസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ 8 കേസുകളിൽ അനുമതി നൽകിയിട്ടുണ്ട്.<br>മറ്റ് ജില്ലകളിൽ വയൽ നികത്തുന്നതിന് ആർ.ഡി.ഒ.മാർ അനുമതി നൽകിയിട്ടില്ല. |

(സി) 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന് നിലവിൽ പ്രാബല്യമുണ്ടോ ; വിശദമാക്കാമോ; ഇത് വ്യാപകമായി ദുർവിനിയോഗം ചെയ്യപ്പെടുന്നതായി അറിയാമോ ?

(സി) 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന് നിലവിൽ പ്രാബല്യമുണ്ട്. 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾക്ക് 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെ വ്യവസ്ഥകൾ ബാധകമാണ്.

സെക്ഷൻ ഓഫീസർ